Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 02 | 2017 ജനുവരി 8 | 1192 ധനു 24

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

**ഭൗതികമോ ആത്മീയമോ എന്നല്ല ഉലകത്തിൽ ഇന്നോളം വന്നു പോയിട്ടുള്ള ശരിയും തെറ്റും കണ്ടറിഞ്ഞ് ആ ശരിക്കും തെറ്റിനും കാരണം അറിയുന്നതാണ് നല്ല വശം.**

## ബ്രിട്ടീഷ് പാർലമെന്റംഗം സ്റ്റീഫൻ ടിംസ് ശാന്തിഗിരി ആശ്രമം സന്ദർശിച്ചു



*ബ്രിട്ടീഷ് പാർലമെന്റ് എം.പി. സ്റ്റീഫൻ ടിംസ് 'ഹരിതശ്രീ' പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നു.*

**സ്പിരിച്വൽ സോൺ :** ശാന്തിഗിരി ആശ്രമം മനുഷ്യ ജീവിതത്തിന് കർമ്മപ്രധാനവും സുവ്യക്തവുമായ പാത ഒരുക്കുന്നുവെന്ന് ബ്രിട്ടീഷ് പാർലമെന്റ് എം.പി.യും മുതിർന്ന നേതാവുമായ സ്റ്റീഫൻ ടിംസ് അഭിപ്രായപ്പെട്ടു. കേരള സന്ദർശനത്തിനെത്തിയ ടിംസ് ആശ്രമം സ്പിരിച്വൽ സോണിൽ വൃക്ഷത്തൈ നട്ട് 'ഹരിതശ്രീ' പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു. ആശ്രമം ജോയിന്റ് സെക്രട്ടറി സ്വാമി ഗുരുമിത്രൻ ജ്ഞാന തപസ്വിയുടെ നേതൃത്വത്തിലുള്ള സന്യാസിസംഘവും ആശ്രമം ഭാരവാഹികളും ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. ആശ്രമം സ്പിരിച്വൽ സോണിലെ താമര പർണ്ണശാലയിൽ പുഷ്പസമർപ്പണം നടത്തിയ ശേഷം അഭിവന്ദ്യ ശിഷ്യപൂജിതയെ സന്ദർശിച്ചു. 'ഹരിതശ്രീ' ഉദ്ഘാടന ചടങ്ങിൽ സർവ്വാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി, ഇന്റർനാഷണൽ ഓപ്പറേഷൻസ് ഇൻചാർജ് സ്വാമി ജനനന്മ ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സ്വാമി വൽസലൻ ജ്ഞാനതപസ്വി, സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി, സീനിയർ ജനറൽ മാനേജർ ഡി.പ്രദീപ്കുമാർ, ഇന്റർ നാഷണൽ ഓപ്പറേഷൻസ് ചുമതലക്കാരായ ധീരജ് കെ.എം., മനു നായർ, സജീവൻ ഇടക്കാടൻ എന്നിവർ പങ്കെടുത്തു.

ഒക്ടോബറിൽ നവതി ആഘോഷങ്ങളുടെ ഭാഗമായി ബ്രിട്ടീഷ് പാർലമെന്റിൽ നവജ്യോതി ശ്രീകരുണാകരഗുരുവിന്റെ ജീവചരിത്രഗ്രന്ഥം ഇംഗ്ലീഷ് പതിപ്പ് പ്രകാശനം ചെയ്തത് സ്റ്റീഫൻ ടിംസാണ്. ശാന്തിഗിരി ആശ്രമവുമായുള്ള ആത്മബന്ധമാണ് ഇവിടെ വരുവാൻ പ്രേരിപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം ഓഗസ്റ്റ് 30 ന് ആരംഭിച്ച് ഈ വർഷം സെപ്തംബർ 20 വരെ നീണ്ടുനിൽക്കുന്ന നവതി ആഘോഷങ്ങളുടെ ഭാഗമായി രാജ്യത്തിനകത്തും പുറത്തും വിവിധ കർമ്മപദ്ധതികളാണ് ആശ്രമം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.



*ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ കോളേജ് ഡേ ആഘോഷങ്ങൾ ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാന തപസ്വി നിർവ്വഹിക്കുന്നു*

## പൂജിതപീഠം സമർപ്പണം വ്രതാരംഭം

**സ്പിരിച്വൽ സോൺ :** ഈ വർഷത്തെ പൂജിതപീഠം സമർപ്പണം വ്രതസങ്കല്പങ്ങൾക്ക് ജനുവരി 13, വെള്ളിയാഴ്ചതുടക്കമാകും. വ്രതാരംഭത്തോടനുബന്ധിച്ച് ആശ്രമത്തിലും ബ്രാഞ്ചുകളിലും പ്രത്യേക പ്രാർത്ഥനയും പുഷ്പസമർപ്പണവും ഉണ്ടായിരിക്കും. ഫെബ്രുവരി 22ന് നടക്കുന്ന പൂജിതപീഠം സമർപ്പണാഘോഷത്തോടെ 41 ദിവസത്തെ വ്രതസങ്കല്പങ്ങൾക്ക് പരിസമാപ്തിയാകും.




## ശാന്തിഗിരി സിദ്ധ കോളേജ് ഡേ ആഘോഷിച്ചു

**ഹെൽത്ത് കെയർ സോൺ :** വിദ്യാഭ്യാസമെന്നത് ഭാഗ്യമാണ്. ആ ഭാഗ്യം ലഭിക്കുന്നവർ ആത്മീയതയുമായി ചേർന്നു നിൽക്കണമെന്ന് ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാന തപസ്വി. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ കോളേജ് ഡേ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി. സിദ്ധ വൈദ്യം എന്നത് മറ്റു ശാസ്ത്രങ്ങളെ അപേക്ഷിച്ച് ദൈവിക ദർശനങ്ങളടങ്ങിയ ചികിത്സാ വിഭാഗമാണ്. ജീവന്റെ ശാസ്ത്രമറിയുന്ന സിദ്ധയെ പഠിക്കുന്ന വിദ്യാർത്ഥികൾ ആത്മീയതയെ ക്കൂടി അറിയാൻ ശ്രമിക്കണം. കേരളത്തിൽ സിദ്ധ ചികിത്സ പ്രചാരത്തിലെത്തുന്നതിന് വളരെക്കാലം മുൻപ് തന്നെ ശാന്തിഗിരി ആശ്രമം സ്ഥാപക ഗുരു നവജ്യോതിശ്രീ കരുണാകരഗുരു സിദ്ധ ചികിത്സയ്ക്ക് പ്രാധാന്യം നൽകുകയും രാജ്യത്തുടനീളം ആയുർവേദ സിദ്ധ ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെന്ന് സ്വാമി ഓർമ്മിപ്പിച്ചു. അറിവിനോടൊപ്പം കഴിവിനും തുല്യപ്രാധാന്യമാണെന്നും കോളേജ് ഡേ പോലുള്ള ആഘോഷങ്ങൾ അറിവിനൊപ്പം വിദ്യാർത്ഥികളുടെ കഴിവിനെയും വർദ്ധിപ്പിക്കാൻ സഹായകരമാണെന്നും സ്വാമി കൂട്ടി ചേർത്തു.

ചടങ്ങിൽ 10ാം ബാച്ച് ബിഎസ് എം എസ് പരീക്ഷയിൽ യൂണിവേഴ്സിറ്റി റാങ്ക് ജേതാക്കളായ കലൈസെൽവി ബാലകൃഷ്ണൻ, ശിവലക്ഷ്മി. എസ്, ഡാനിയ ഫ്രാൻസിസ്

*(ശേഷം രണ്ടാം പേജിൽ)*

## ഗുരുവാണി

ശാന്തിഗിരിയിൽ ആദ്യം ഉണ്ടായത് വളരെ ചെറിയ ഒരു കുടിലാണ്. എന്റെ പൊക്കത്തിൽ ഒരു കുടിൽ. അതിന്റെ നടുവിൽ നിന്നാൽ മാത്രം തലമുട്ടുകയില്ല. ഓരോ വളർച്ചയിലും നമുക്ക് ആദിമുതൽ ചിന്തിക്കാൻ കഴിയണം. അന്നുമുതൽ എന്തെല്ലാം വിഷമതകൾ തരണം ചെയ്താണ് ഇവിടം വരെ എത്തിയത്? ഒരു കൊല്ലത്തിനകം ആ കൊച്ചുകുടിലിന്റെ സ്ഥാനത്ത് ചെറിയൊരു പ്രാർത്ഥനാമുറി കെട്ടാൻ സാധിച്ചു. അങ്ങനെ ഏഴു വർഷവും നാലു മാസവും കഴിഞ്ഞാണ് ആരാധനാസ്ഥലമായി കണ്ട് ജനങ്ങൾ വരാൻ തുടങ്ങിയത്. ഇന്ന് ഈ നിലയിലായി. ഇതിനുള്ളിൽ എത്രമാത്രം ക്ലേശം നമ്മയുടെ വലിയ പ്രതികരണം തുളുമ്പിക്കൊണ്ടു നിന്നു എന്ന് നിങ്ങൾ അറിയേണ്ടതാണ്. എപ്പോൾ നന്മയുണ്ടാകുമോ അതിന് മുന്നോടിയായി ഒരു തിന്മ ഉണ്ടാകുമെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കണം. അന്നുമുതൽ ഇന്നുവരെ എന്റെ അനുഭവത്തിൽ അങ്ങനെയാണ് ഉണ്ടായിട്ടുള്ളത്. വരാൻ പോകുന്ന നന്മ വലുതാണെങ്കിൽ അതിനുമുമ്പായി ജനങ്ങൾ മൊത്തം ചീത്തപറയത്തക്ക ഒരു രംഗം വരും. ചെറുതാണെങ്കിൽ മനസ്സിന് നോവുണ്ടാക്കുന്ന മറ്റെന്തെങ്കിലുമൊരു രംഗം. അതിലും ചെറുതാണെങ്കിൽ ഒരു കൊച്ചുകുട്ടിയെങ്കിലും നമ്മെ നോവിച്ചിരിക്കും. അങ്ങനെ ഏതെങ്കിലും ഒന്ന് വരണം. അത് നന്മയുടെ പ്രതികരണമാണ്. എന്നാൽ സാധാരണജനങ്ങൾ വിചാരിക്കുന്നത് ദുഃഖം വന്നുകൂടാ എന്നാണ്. അതിന് നമുക്ക് ഒരു രീതി തന്നെയുണ്ട് - നേർച്ച. ഇന്ന സ്ഥലത്തുപോയാൽ ദുഃഖം വരില്ല എന്നു കേട്ടാൽ അവിടെ ഓടിയെത്തും. പക്ഷേ ദുഃഖം വരാതിരിക്കാനല്ല നാം ഇങ്ങനെയുള്ള സ്ഥാനങ്ങളിൽ പോകുന്നത്. നമ്മുടെ സുഖദുഃഖങ്ങളെപ്പറ്റി അന്വേഷിച്ചറിയാനും അതിനെന്ത് പരിഹാരം ഉണ്ടെന്നറിയാനും ജീവന്റെ ആ നില മാറ്റുന്നതിന് നമ്മുടെ ജീവിതത്തിൽ എന്ത് സാധ്യതയുണ്ടെന്നറിയാനുമാണ്. നമ്മുടെ ഈ കർമഗതി കൊണ്ട് നമുക്ക് വന്നുപോകാവുന്ന അവതാളങ്ങൾ എന്താണെന്നറിഞ്ഞ് പ്രവർത്തിച്ചെടുക്കാനും ആ കർമത്തിന്റെ ഉടമ നമ്മൾ തന്നെയാകാനുള്ള അവസരം ലഭിക്കാനുമാണ്.

ദേവീദേവന്മാരുടെ കർമത്തിൽ അവരിങ്ങനെ അനവധി സുഖദുഃഖങ്ങളെ ആഹ്ലാദിച്ചറിഞ്ഞ് അതിലങ്ങ് ആറാടിക്കഴിഞ്ഞിട്ട് വീണ്ടും ജന്മമെടുക്കേണ്ടി വരുന്നു. എന്നാൽ മനുഷ്യനെപ്പറ്റി അങ്ങനെയല്ല പറയുന്നത്. പക്ഷേ ദേവീദേവന്മാരുടെ സ്തുതിപാടലും ചിട്ടയുമാണ് നിങ്ങൾ പഠിച്ചുവച്ചിരിക്കുന്നത്. ദേവന്മാരെ സ്തുതിപാടിയിട്ട് അതിനെ എല്ലാമായി കാണും. ആരെയെങ്കിലും വലുതായി സ്നേഹിച്ചിട്ട് ചില വികാരികൾ തൂങ്ങിച്ചാകാൻ നിൽക്കുന്നതുപോലെയാണിതും. എന്തിനാണെന്ന് ചോദിച്ചാൽ അവർക്കും അറിയില്ല. എന്നതുപോലെ കർമത്തിലും ചെന്നെത്തുമ്പോൾ നമ്മുടെ ജീവനെ തൂക്കിലിടുന്നതിന് സമമായി. എന്നാൽ അവർ ഒരു വാക്കിൽ പറഞ്ഞുവച്ചിട്ടുണ്ട്-സത്യയുഗത്തിൽ തപസ്സ്, ത്രേതായുഗത്തിലും ദ്വാപരത്തിലും ദേവനെ പ്രത്യക്ഷപ്പെടുത്തലും സ്തുതിയും കലിയിൽ നാമജപവുമാണ് വേണ്ടതെന്ന്.

## വചനദീപ്തി

ഭക്തന്റെ ഭാവമെന്താണെന്നോ ?
'ഹേ ഭഗവൻ, അവിടുന്നു പ്രഭു, ഞാനവിടുത്തെ ദാസൻ', 'അവിടുന്നമ്മ, ഞാനവിടുത്തെ പൈതൽ'; പിന്നെയും, ' അവിടുന്നു പൂർണൻ, ഞാനവിടുത്തെ അംശം'. ' ഞാൻ ബ്രഹ്മമാകുന്നു' എന്നൊന്നും പറയാൻ ഭക്തനിഷ്ടമില്ല.

**ശ്രീരാമകൃഷ്ണ പരമഹംസൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജനുവരി 8 മുതൽ ജനുവരി 14 വരെ*

| | |
|---|---|
| **ഞായർ** | - രത്നഗിരി |
| **തിങ്കൾ** | - സ്നേഹപുരം |
| **ചൊവ്വ** | - കാഞ്ഞാംപാറ |
| **ബുധൻ** | - പോത്തൻകോട് |
| **വ്യാഴം** | - പാലോട്ടുകോണം |
| **വെള്ളി** | - ജ്യോതിപുരം |
| **ശനി** | - ശാന്തിപുരം |

## യാമപ്രാർത്ഥന

*2016 ജനുവരി 12 വ്യാഴം*
**ആനന്ദപുരം, പോത്തൻകോട്, പാലോട്ടുകോണം**

### പ്രകാശപദം

# ഗുരുവിന്റെ ജന്മം ചന്ദിരൂരിൽ

അനേകജന്മങ്ങളിലൂടെയുള്ള സഞ്ചിതകർമത്തിന്റെ സ്മൃതിയിൽ, ഒരു മഹാഅഗ്നിപർവ്വതത്തിന്റെ ഉള്ളിൽ തിളച്ചുമറിയുന്ന ജീവശക്തിയിൽനിന്നു പ്രവർത്തിക്കുന്ന ജീവതന്തുക്കളുടെ വീർപ്പുമുട്ടൽ പല പല നൂതന വിസ്ഫോടനങ്ങളായി മാറുന്നതുപോലെ ദൈവനിശ്ചയത്തിന്റെ നീതിയിൽ വിതുമ്പുന്നതെന്തും അല്ലെങ്കിൽ തുളുമ്പുന്നതെന്തും ദൈവകാരുണ്യത്തിന്റെ അമൃതസ്ഫുലിംഗങ്ങളായി ത്തീരുന്നു. ആ ജീവരേണുക്കളിൽ കാണുന്ന നന്മയും തിന്മയുമായിരിക്കുന്ന കർമം അനേക ജന്മാന്തരങ്ങളിലൂടെ എത്തിക്കുന്ന സംപ്രാപ്തി തന്നെയായിരുന്നു. അത് ഒരു വിമോചനമതമായി മാറുന്നു. ആ ദൈവസ്നേഹം അനുഭവം കൊണ്ട് സ്വയം തെളിഞ്ഞും തെളിയിപ്പിച്ചും സകലവിധപടികളും കയറിയിറങ്ങി സന്നിധാനങ്ങളുടെ കാഴ്ചകൾ കണ്ട് അനുഭവിച്ചറിഞ്ഞുപോകുന്ന മനോഹരമായ കാഴ്ചയും ഈ സൗരയൂഥങ്ങളുടെ ബന്ധങ്ങളെ തിരിച്ചറിയുന്ന പ്രകാശത്തിന്റെ സ്വയംഭൂ എന്നു പറയുന്ന സ്വന്തമായി ഉദിച്ചുയരുന്ന അല്ലെങ്കിൽ ഉത്ഭവിച്ചുയരുന്ന പുതിയതായ ഒന്ന്. ആ നവജ്യോതി സ്വരൂപം എല്ലാ ആദിമസിദ്ധാന്തവാദങ്ങളും കടന്ന് അനുഭവസാക്ഷിയായി ഒരു നവപ്രകാശം, ഒരു കോടി ദിവാകരനുദിച്ചുവരുന്നതു പോലെ; പ്രകാശസ്രോതസ്സിന്റെ സൗമ്യവും നിശ്ചലതത്വവുമായ നിഃശബ്ദതയുടെ മംഗള മുഹൂർത്തധ്വനി; ശബ്ദാദി വേഗതയ്ക്കപ്പുറം അതിമനോഹരമായി വിലസുന്ന പുതിയ ഒന്നായി മാറുന്നു. അത് നവപൂജിതമായി നിൽക്കുന്നു; മാനവരാശിയുടെ സർവതിനും ഏകമായി, ഏകപൊരുളായി....വാക്കാണു സത്യം, സത്യമാണു ഗുരു, ഗുരുവാണു ദൈവം എന്ന ആ അനുഭവമാണ് സകലവിധ സന്നിധാനങ്ങളും കടന്നുവന്ന ദൈവനിയോഗത്തിന്റെ അനുഭവസിദ്ധാന്തം. യുഗധർമത്തിന്റെ പുണ്യാതിരേകമായി നിൽക്കുന്ന ബ്രഹ്മനിശ്ചയം, 6 മന്വന്തരങ്ങൾ കഴിഞ്ഞ് 28 ചതുർയുഗങ്ങളായി പ്രവർത്തിച്ചൊതുക്കി നിൽക്കുന്ന ജീവസത്യം അതുതന്നെയാണ്. ദൈവമെന്നും ബ്രഹ്മമെന്നും പരബ്രഹ്മമെന്നും അനുഭവംകൊണ്ട് തെളിയുന്ന സത്യം. ആദിവേദപൊരുളായി നിൽക്കുന്ന സത്യം. ആ നന്മ ഒരുമിച്ച് പങ്കിട്ടെടുക്കാനും നമുക്ക് ഒരുപോലെ കഴിയണം. അതു ലോകത്തിന്റെ സ്തുതിയായിത്തീരാനും അങ്ങയെ ഞങ്ങൾ ഒപ്പമായി നിന്ന് ഒരുമിച്ച് സ്തുതിക്കാനും സ്മരിക്കാനും അങ്ങയിൽ ഞങ്ങൾ ഒപ്പമായി ചേരാനും അങ്ങയോട് ഞങ്ങൾ അപേക്ഷിച്ച് പ്രാർത്ഥിക്കുന്നു.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# വിദേശ പ്രതിനിധികൾ ആശ്രമം സന്ദർശിച്ചു

സ്പിരിചൽ സോൺ : മലേഷ്യ, ദക്ഷിണാഫ്രിക്ക, ഫിജി, മൗറിഷ്യസ്, സുരിനാം, ശ്രീലങ്ക, മ്യാൻമർ, റഷ്യ, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള നാല്പതോളം യുവജന പ്രതിനിധികൾ ജനുവരി 1ന് ആശ്രമം സന്ദർശിച്ചു. വിദേശ വകുപ്പിന്റെ 'ഇന്ത്യയെ അറിയുക' പദ്ധതിയുടെ ഭാഗമായാണ് സംഘം ആശ്രമം സന്ദർശിച്ചത്. നോർക്കയുടെ നേതൃത്വത്തിൽ എത്തിയ സംഘത്തെ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് പ്രതിനിധികൾ സ്വീകരിച്ചു. ഇന്ത്യൻവംശജരായ ഇവർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിക്കുന്നുണ്ട്. യാത്രാസംഘം മാണിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസും സന്ദർശിച്ചു.

# പയർമേളയൊരുക്കി ശാന്തിഗിരി വിദ്യാഭവൻ

**എഡ്യുക്കേഷൻ സോൺ :** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്ക്കൂൾ മാതൃഭൂമി സീഡ് ക്ലബിന്റെ നേതൃത്വത്തിൽ പയർ വിഭവങ്ങളുടെ പ്രദർശനവും സൗജന്യ വിതരണവും നടത്തി. 2016 അന്തർദേശീയ പയർ വർഷമായി ആചരിച്ചതിനോടനുബന്ധിച്ചാണ് മേള സംഘടിപ്പിച്ചത്. അൻപതിലധികം പയർ വിഭവങ്ങൾ ഒരുക്കിയിരുന്നു. പയർ ഉത്പന്നങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ഭക്ഷണത്തിൽ അവ ഉൾപ്പെടുത്തേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ചും കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അവബോധം നൽകുക എന്നതായിരുന്നു മേളയുടെ ലക്ഷ്യമെന്ന് പ്രിൻസിപ്പൾ ആദരണീയ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി പറഞ്ഞു.

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

എന്നിവർക്ക് ക്യാഷ് അവാർഡ് നൽകി ആദരിച്ചു. 11 മുതൽ 14 വരെയുള്ള ബി.എസ്.എം.എസ് ബാച്ചിൽ നടത്തിയ വാർഷിക പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് പി.ടി.എ ഏർപ്പെടുത്തിയ ക്യാഷ് അവാർഡ് ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഹെഡ് സ്വാമി ഗുരുധർമ്മ ജ്ഞാനതപസ്വി വിതരണം ചെയ്തു. കോളേജ് ഡേയ്ക്ക് മുന്നോടിയായി നടന്ന കലാകായിക മത്സരങ്ങളിൽ വിജയികളായവർക്ക് സർട്ടിഫിക്കറ്റുകളും, മെഡലുകളും ശാന്തിഗിരി ആശ്രമം സേഫ്ടി ഡിപ്പാർട്ട്മെന്റ് ഇൻചാർജ് സ്വാമി ജനസമ്മതൻ ജ്ഞാന തപസ്വി നൽകി. പ്രിൻസിപ്പാൾ ഡോ.ആർ.ദേവരാജൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ക്ലിനിക്കൽ വിഭാഗം വൈസ് പ്രിൻസിപ്പാൾ ഡോ.പി.ഹരിഹരൻ, കോളേജ് സ്പോർട്സ് കമ്മിറ്റി ഹെഡ് ഡോ. ജെ.നിനപ്രിയ, ഫൈൻ ആർട്സ് കമ്മിറ്റി ഹെഡ് ഡോ.ജി.മോഹനാംബിക, ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ മെഡിക്കൽ എഡ്യുക്കേഷൻ വിഭാഗം അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ.എസ്. വിജയൻ, അസിറ്റന്റ് കൺവീനർ ശ്രീ.മഹേഷ്.എം, പി.ടി.എ പ്രസിഡന്റ് ശ്രീ.എസ്.വിജയൻ നായർ എന്നിവർ ആശംസകൾ അറിയിച്ചു. വൈസ് പ്രിൻസിപ്പാൾ പ്രൊ.ഡോ.കെ.ജഗന്നാഥൻ സ്വാഗതവും, ഫൈൻ ആർട്സ് കമ്മിറ്റി കോർഡിനേറ്റർ ഡോ.കെ.വി.കൃഷ്ണവേണി കൃതജ്ഞതയും പറഞ്ഞു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വൈകിട്ട് നടന്ന സമാപന ചടങ്ങിൽ പ്രശസ്ത സിനിമാസീരിയൽ താരം അനിലാശ്രീകുമാർ മുഖ്യാതിഥിയായി, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ മ്യൂസിക്കൽ ബാൻഡിന്റെ പ്രകാശനം പിന്നണി ഗായകൻ രവിശങ്കർ നിർവ്വഹിച്ചു. സ്പോർട്സ് ട്രെയിനർ ബിനോദ്.വി.എസിനുള്ള കോളേജിന്റെ സ്നേഹോപഹാരം സ്വാമി ജ്ഞാനദത്തൻ ജ്ഞാന തപസ്വി നൽകി. തുടർന്ന് ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളും, അദ്ധ്യാപകരും അഭിനയിച്ച സ്നേഹത്തിന്റെ പാഥേയം എന്ന പ്രോഗ്രാം പ്രദർശിപ്പിച്ചു.

# ശാന്തിഗിരി ശാന്തിമഹിമ ക്യാമ്പ് സംഘടിപ്പിച്ചു

**ഹെൽത്ത് കെയർ സോൺ :** ശാന്തിമഹിമ തിരുവനന്തപുരം സിറ്റി ഏര്യ ക്യാമ്പ് ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജിൽ വച്ച് ജനുവരി 1, 2 തീയതികളിൽ നടന്നു. ആദരണീയ സ്വാമി വന്ദരൂപൻ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. പ്രാർത്ഥനാലയം, പർണ്ണശാല, പ്രതിഷ്ഠാ സങ്കല്പങ്ങൾ, കർമ്മത്തിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ആദരണീയ സ്വാമി സംസാരിച്ചു. സർവ്വാദരണീയ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി വ്യക്തികളുടെ സ്വഭാവശുദ്ധി എന്ന വിഷയത്തെപ്പറ്റി പ്രഭാഷണം നടത്തി. ജനുവരി 1ന് രാത്രി നടന്ന സത്സംഗത്തിൽ ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി സംസാരിച്ചു.



*ശാന്തിമഹിമ ക്യാമ്പിൽ നിന്ന്*

# ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം നടന്നു

**റിസർച്ച് സോൺ :** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം ജനുവരി 1 ന് റിസർച്ച് സോൺ കമ്മ്യൂണിറ്റി ഹാളിൽ വച്ച് ചേർന്നു. ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ടുമെന്റ് ഹെഡ് സർവ്വാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി അദ്ധ്യക്ഷയായിരുന്നു. പൂജിത പീഠം സമർപ്പണാഘോഷത്തെക്കുറിച്ചും വ്രതസങ്കല്പങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ജനനി സംസാരിച്ചു. ശാന്തിഗിരി ആരൂഢശുദ്ധിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആദരണീയ സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി വിശദീകരിച്ചു. കുറഞ്ഞ ചെലവിൽ ആശ്രമോചിതമായ രീതിയിൽ വീടുകൾ നിർമ്മിച്ച് നൽകുന്നതിന് ഉദ്ദേശ്യമുണ്ടെന്ന് സ്വാമി വ്യക്തമാക്കി. അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റ് പ്രവർത്തനങ്ങളെക്കുറിച്ച് ആദരണീയ സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി സംസാരിച്ചു. ശാസ്ത്രം വഴിമുട്ടി നിൽക്കുമ്പോഴാണ് ദൈവകാരുണ്യത്തെക്കുറിച്ചുള്ള അറിവ് ആരംഭിക്കുന്നതെന്ന് സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി തന്റെ പ്രഭാഷണത്തിൽ പറഞ്ഞു. എം. പി. പ്രമോദ്, കരുണാനന്ദ് കെ.കെ. തുടങ്ങിയവർ പങ്കെടുത്തു.



*ശാന്തിഗിരി ശാന്തിമഹിമ പുതുവത്സരാഘോഷം*

# എച്ച്.ആർ. അറിയിപ്പുകൾ

അസിസ്റ്റന്റ് ജനറൽ മാനേജർ അനിൽ ടി. പി. യെ ഫിനാൻസ് ഡിപ്പാർട്ടുമെന്റിലേയ്ക്കും, അഡീഷണൽ മെഡിക്കൽ ഓഫീസർ ഡോ. പ്രഫുല്ല വാണിയെ ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കും, ഡെപ്യൂട്ടി മാനേജർ ഡോ. ഷിബിൽ ഘോഷിനെ പ്രോജക്റ്റ് സെക്ഷനിലേയ്ക്കും, അസിസ്റ്റന്റ് മാനേജർ സി.എൻ. കൃഷ്ണകുമാറിനെ മാർക്കറ്റിംഗ് ഡെസ്ക്കിലേയ്ക്കും, അസിസ്റ്റന്റ് മാനേജർ ജി. വിശ്വജിത്തിനെ ശാന്തിഗിരി ഹെൽത്ത് കെയർ പ്രോഡക്റ്റ്സിലേയ്ക്കും, ഷിജു പവിത്രനെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിലേയ്ക്കും, വാണി എ. അശോകനെ ശാന്തിഗിരി വെജിറ്റബിൾ സ്റ്റാൾ ആന്റ് ഫുഡ് സർവ്വീസിലേയ്ക്കും, സതീശൻ പി.യെ സെക്യൂരിറ്റി ഡിപ്പാർട്ടുമെന്റിലേയ്ക്കും, അനിൽ കുമാർ കെ. യെ എഡ്യുക്കേഷൻ ഡിപ്പാർട്ടു മെന്റിലേയ്ക്കും, ജി. ആർ. ഹർഷാത്മജനെ എൻ. എൻ. കമ്മ്യൂണിക്കേഷനിലേയ്ക്കും, മുരളീധരൻപിള്ള, മനോഹരൻ കെ., വിശ്വനാഥൻ കെ. എന്നിവരെ ശാന്തിഗിരി ഷോപ്പിംഗ് മാളിലേയ്ക്കും, സുബി പി. ബാലിനെ ശാന്തിഗിരി മധുരം ബേക്കറിയിലേയ്ക്കും മാറ്റി നിയമിച്ചു.

# പുതിയ ഓഫീസ്

**സ്പിരിച്വൽ സോൺ :** ശാന്തിഗിരി ശാന്തിമഹിമ ഗവേണിംഗ് കമ്മിറ്റി ഓഫീസ് ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ടുമെന്റ് ഓഫീസിന് സമീപത്തേയ്ക്കും ശാന്തിഗിരി രക്ഷാകർതൃ സമിതി ഓഫീസ് ഫിനാൻസ് മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്ന ഓഫീസിന് സമീപത്തേയ്ക്കും മാറ്റി.

# ഗുരുകാന്തി പഠനയാത്ര

**എഡ്യുക്കേഷൻ സോൺ :** ശാന്തിഗിരി ഗുരുകാന്തി ഡിസംബർ 27ന് സംഘടിപ്പിച്ച പഠനയാത്രയുടെ ഭാഗമായി ശാന്തിഗിരി ആശ്രമം കൊട്ടാരക്കര, കോന്നി ബ്രാഞ്ചുകൾ സന്ദർശിച്ചു.കോന്നി ഫോറസ്റ്റ്, ആനക്കൊട്ടിൽ എന്നിവിടങ്ങളിലും സംഘം സന്ദർശിച്ചു. യാത്രയിൽ 24 കുട്ടികളും 5 അദ്ധ്യാപകരും പങ്കെടുത്തു.


ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320


# കക്കോടി ആശ്രമം ബ്രാഞ്ച് വാർഷികം

**കോഴിക്കോട് :** ശാന്തിഗിരി ആശ്രമം കക്കോടി ബ്രാഞ്ചിന്റെ മൂന്നാം വാർഷികം വ്യാഴാഴ്ച നടന്നു. ആഘോഷത്തോടനുബന്ധിച്ച് നടത്തിയ സാംസ്കാരിക സമ്മേളനം ഗതഗത വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. സർവ്വാദരണീയ ജനനി പൂജ ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി ജനപുഷ്പൻ ജ്ഞാനതപസ്വി, മനുചിത്ത് ജ്ഞാനതപസ്വി, എം. രാജേന്ദ്രൻ, പി. അപ്പുക്കുട്ടൻ, എം. പി. വേണുഗോപാൽ തുടങ്ങിയവർ സംസാരിച്ചു. വൈകുന്നേരം ദീപം പ്രദക്ഷിണവുമുണ്ടായിരുന്നു.



*ശാന്തിഗിരി മുദ്രണാലയം വാർഷികാഘോഷം*



*സ്നേഹപുരത്ത് സുഗതൻ എസ് നിർമ്മിച്ച 'ശാന്തിമന്ദിരം' ഭവനത്തിന്റെ ഗൃഹപ്രവേശന കർമ്മം സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു*

# വിവാഹിതരായി



കോതമംഗലം തൃക്കാരൂർ ഞാലൂർ മഠത്തിൽ സോമൻ കെ. നായരുടെ മകൻ ഡോ. വിനായകും കോട്ടയം സൌത്ത് പാമ്പാടി പൗർണ്ണമി വീട്ടിൽ എൻ. വി. രവീന്ദ്രന്റെ മകൾ ഡോ. ഗായത്രിയും ജനുവരി 5ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



ആലപ്പുഴ തോട്ടപ്പള്ളി കരുണാലയത്തിൽ ജി. എസ്. ലാലിന്റെ മകൻ കരുണാനിധിയും എറണാകുളം മഞ്ഞുമ്മേൽ പള്ളിക്കൽ വീട്ടിൽ പി.എൻ. ചന്ദ്രശേഖരന്റെ മകൾ അഞ്ജനയും ജനുവരി 5ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.






Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala